34/DGE/HSE/NSS/2021

പ്രോഗ്രാം കോ-ഓർഡിനേറ്റർ
പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി : 02/06/2021

# സർക്കുലർ

'ഒരേയൊരു ഭൂമി' എന്ന ആശയത്തോടെ 1974 ൽ ആരംഭിച്ച ലോകപരിസ്ഥിതി ദിനം അതിന്റെ 47-ാം വർഷമായ 2021 ൽ നമ്മുടെ 'ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുക' എന്ന പ്രമേയത്തിൽ എത്തി നില്ക്കുന്നു.

ഭൂമിയെ അതിന്റെ തനിമയും ഗരിമയും നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ട ചുമതല ഇവിടെ അധിവസിയ്ക്കുന്ന ഒരോ മനുഷ്യനും ഏറ്റെടുക്കേണ്ടതാണെന്ന ബോധ്യത്തിന്റെ പശ്ചാത്തലത്തിൽ, 2021 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം 'പച്ച പുതപ്പിക്കാം മണ്ണിനെ' എന്ന സംഘടിത പ്രർത്തന പദ്ധതി മുന്നോട്ട് വയ്ക്കുന്നു.

1. ജില്ലാ, ക്ലസ്റ്റർ യൂണിറ്റ് തലങ്ങളിൽ പാരിസ്ഥിതികാവബോധ വെബിനാറുകൾ സംഘടിപ്പിയ്ക്കണം.
2. ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഓരോ വോളന്റിയറും സ്വന്തം വീട്ടിലോ, സമീപമുള്ള പൊതു ഇടങ്ങളിലോ വൃക്ഷത്തൈകളോ, നാടൻ ചൂച്ചെടികളോ (രാജമല്ലി, ചെമ്പരത്തി, നന്ത്യാർവട്ടം മുതലായവ...) നട്ടു പിടിപ്പിക്കണം.
3. എല്ലാ മാസവും ഒന്ന് എന്ന നിലയിൽ അടുത്ത മെയ് വരെ ഇത് തുടരേണ്ടതാണ്.
4. കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ അടക്കം നാം വീടുകളിൽ നട്ടുപിടിപ്പിച്ച വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ വോളണ്ടിയർമാർ ഏർപ്പെടേണ്ടതാണ്.
4. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഫ്ളയറുകൾ, വീഡിയോകൾ, ലഘുസംഭാഷണങ്ങൾ ഇവ തയ്യാറാക്കുകയും പ്രചരിപ്പിക്കുകയും വേണം. ഇതിനാവശ്യമായ വ്യത്യസ്ത മത്സരങ്ങൾ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
5. https://www.worldenvironmentday.global/get-involved/play-gameഎന്ന UNEP വെബ്സൈറ്റ് വഴി പ്രകൃതി സംരക്ഷണത്തിനായുള്ള ഗെയിമിൽ പങ്കെടുക്കാവുന്നതാണ്.
6. പ്രസ്തുത പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ പ്രോഗ്രാം ഓഫീസർമാർക്ക് അയച്ചു കൊടുക്കേണ്ടതും റിപ്പോർട്ടുകൾ കൃത്യമായി ജില്ലാ കൺവീനർമാർ വഴി എൻ.എസ്.എസ്.സെല്ലിൽ എത്തിക്കേണ്ടതുമാണ്.

ഡോ.ജേക്കബ് ജോൺ

പ്രോഗ്രാം കോഡിനേറ്റർ